എ.വൈ.ആർ

ദൈവം മനുഷ്യന്റെ ഭൗതികമായ ആവശ്യങ്ങൾ പരിഗണിച്ചിട്ടുള്ളതുപോലെ തന്നെ ആത്മീയമായ ആവശ്യങ്ങളും പരിഗണിച്ചിരിക്കുന്നു. ആത്മീയ -ധാർമിക താൽപര്യങ്ങൾ കൂടി യഥാവിധി പൂർത്തീകരിക്കപ്പെടുന്നതിനെ ആശ്രയിച്ചിരിക്കുന്നു മനുഷ്യന്റെ മൗലികമായ മഹത്വവും പൂർണതയും. അതുകൊണ്ടാണ് മനുഷ്യന് ജീവിത മൂല്യങ്ങളെ സംബന്ധിച്ച നൈസർഗികമായ അന്തർബോധവും ബുദ്ധിയും വിവേചനശക്തിയുമെല്ലാം ഉള്ളതോടൊപ്പം അവനെ ആത്മീയ - ധാർമിക സത്യങ്ങളിലേക്ക് പ്രബോധനം ചെയ്യാൻ പ്രവാചകന്മാരും വേദങ്ങളും കൂടി അയക്കപ്പെട്ടത്.



الَّذِي خَلَقَنِي فَهُوَ يَهْدِينِ ﴿٧٨﴾

وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ ﴿٧٩﴾

وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾

78. അവനാണ് എന്നെ സൃഷ്ടിച്ചത്. അവൻ തന്നെ എന്നെ മാർഗദർശനം ചെയ്യുന്നു.

79. എന്നെ അന്നമൂട്ടുന്നതും വെള്ളം കുടിപ്പിക്കുന്നതും അവൻ തന്നെ.

80. ഞാൻ രോഗിയാകുമ്പോൾ അവൻ തന്നെ ശമനമരുളുന്നു.

**78-80**

الَّذِي خَلَقَنِي = എന്നെ സൃഷ്ടിച്ച(ത്)വൻ (അവനാണ്)

فَهُوَ يَهْدِينِ = അവൻ തന്നെ എന്നെ മാർഗദർശനം ചെയ്യുന്നു

وَالَّذِي هُوَ يُطْعِمُنِي = എന്നെ അന്നമൂട്ടുന്ന(തും)വനും അവൻ തന്നെ

وَيَسْقِينِ = എന്നെ വെള്ളം കുടിപ്പിക്കുന്നതും

وَإِذَا مَرِضْتُ = ഞാൻ രോഗിയാകുമ്പോൾ

فَهُوَ يَشْفِينِ = അവൻ തന്നെ എനിക്ക് ശമനമരുളുന്നു

തുടർന്ന് ഇബ്റാഹീം(അ) താൻ പലായനം ചെയ്യുന്നത് എങ്ങനെയുള്ള വിധാതാവിങ്കലേക്കാണെന്ന് വിശദീകരിക്കുകയാണ്. താൻ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ഗുണങ്ങൾ വർണിക്കുന്നതിലൂടെ അവനാണ്, അവൻ മാത്രമാണ് യഥാർഥ ദൈവമെന്നും അവൻ മാത്രമേ സൃഷ്ടികളുടെ ഭക്തിയും ആരാധനയും അർഹിക്കുന്നുള്ളൂവെന്നും സ്ഥാപിക്കുകയാണദ്ദേഹം. ഒന്നാമത്തെ ന്യായം ഇതാണ്: ഞാൻ ആരാധിക്കുന്നത് പ്രാർഥന കേൾക്കാത്ത, ഗുണദോഷങ്ങൾ ചെയ്യാൻ കഴിയാത്ത മിഥ്യാ ദൈവങ്ങളെയല്ല. മറിച്ച് എന്നെ സൃഷ്ടിച്ചവനാരാണോ അവനെയാണ്. എന്നെ വെറുതെ സൃഷ്ടിച്ചുവിടുക മാത്രമല്ല അവൻ ചെയ്തിട്ടുള്ളത്, എന്റെ ജീവിതത്തിനാവശ്യമായ മാർഗദർശനമരുളുകയും ചെയ്തിരിക്കുന്നു. ആ മാർഗദർശനം ജീവിതാന്ത്യം വരെ തുടരുകയും ചെയ്യും. സൃഷ്ടിച്ച ശേഷം അവൻ തന്നെയാണ് എന്നെ പരിപാലിച്ചുകൊണ്ടിരിക്കുന്നത്. അതാണ് خَلَقَنِي (എന്നെ സൃഷ്ടിച്ചു) എന്ന് ഭൂതകാല ക്രിയയായി പറഞ്ഞ ശേഷം يَهْدِينِ (എന്നെ മാർഗദർശനം ചെയ്തുകൊണ്ടിരിക്കുന്നു) എന്ന് വർത്തമാന ക്രിയയിൽ പറഞ്ഞതിന്റെ സൂചന. എന്റെ സ്രഷ്ടാവാരാണോ അവൻ തന്നെയാണല്ലോ സൃഷ്ടിയുടെ യഥാർഥ ആരാധ്യൻ. സൃഷ്ടിയും സൃഷ്ടിയുടെ മാർഗദർശനവും പരസ്പരപൂരകമാണ്. സ്രഷ്ടാവിനു മാത്രമേ സൃഷ്ടിയുടെ ധർമങ്ങൾ നിശ്ചയിക്കാനും ആ ധർമം നിർവഹിക്കുന്നതിനുള്ള കഴിവുകൾ നൽകാനും കഴിയൂ. സ്രഷ്ടാവ് സൃഷ്ടികളെ രണ്ടു തരത്തിൽ മാർഗദർശനം ചെയ്യുന്നുണ്ട്. ഒന്ന്, മനുഷ്യർക്കും തിര്യക്കുകൾക്കും അചേതന വസ്തുക്കൾക്കുമെല്ലാം നൽകുന്ന മാർഗദർശനം. സൂര്യ -ചന്ദ്രന്മാരുടെ ഘടന, പ്രകാശം, ആകർഷണ ശക്തി, താപപ്രസരണം, ഭ്രമണം എല്ലാം അല്ലാഹുവിന്റെ മാർഗദർശനത്തിനു വിധേയമായിട്ടാണ് നടക്കുന്നത്. ഓരോ ജന്തുവും

അതിന്റെ സവിശേഷ ധർമം നിർവഹിച്ചുകൊണ്ട് ജീവിത ചക്രം പൂർത്തിയാക്കുന്നതും ദൈവത്തിന്റെ മാർഗദർശന പ്രകാരം തന്നെ. ഇതേക്കുറിച്ച് സൂറഃ *അൽഅഅ്‌ലാ*യിൽ പറയുന്നു: الَّذِي خَلَقَ فَسَوَّىٰ ﴿٢﴾ وَالَّذِي قَدَّرَ فَهَدَىٰ (സൃഷ്ടിക്കുകയും സന്തുലിതമാക്കുകയും ചെയ്തവൻ, ധർമം വിധിക്കുകയും മാർഗദർശനം നൽകുകയും ചെയ്തവൻ).

പ്രകൃതിപരമായ പൊതു മാർഗദർശനത്തിനു പുറമെ മനുഷ്യർക്കും ജിന്നുകൾക്കും മാത്രമുള്ളതാണ് രണ്ടാമത്തെ മാർഗദർശനം. പ്രവാചകന്മാരിലൂടെയും വേദങ്ങളിലൂടെയുമുള്ള മാർഗദർശനമാണത്. ഈ മാർഗദർശനം ജീവിതത്തിന്റെ അർഥം ആലോചിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നവർക്കേ ലഭിക്കൂ. ഈ ആലോചനക്കും സത്യാന്വേഷണത്തിനും വേണ്ട മികച്ച യോഗ്യതകളാണ് ദൈവം മനുഷ്യനിൽ നിക്ഷേപിച്ച ബുദ്ധിയും ചിന്താശേഷിയും വിവേചനബോധവും. അമൂല്യമായ പലതരം യോഗ്യതകളുമായി സൃഷ്ടിച്ച മനുഷ്യനെ അതേ പടി ഉപേക്ഷിക്കുക എന്നത് ദൈവികയുക്തിക്കും കാരുണ്യത്തിനും ചേർന്നതല്ല. അങ്ങനെ ചെയ്താൽ സൃഷ്ടികർമം അവന്റെ മഹത്വത്തിനും പരിശുദ്ധിക്കും എതിരായ പാഴ് വേലയായിത്തീരും. ദൈവം മനുഷ്യന്റെ ഭൗതികമായ ആവശ്യങ്ങൾ പരിഗണിച്ചിട്ടുള്ളതുപോലെ തന്നെ ആത്മീയമായ ആവശ്യങ്ങളും പരിഗണിച്ചിരിക്കുന്നു. ആത്മീയ -ധാർമിക താൽപര്യങ്ങൾ കൂടി യഥാവിധി പൂർത്തീകരിക്കപ്പെടുന്നതിനെ ആശ്രയിച്ചിരിക്കുന്നു മനുഷ്യന്റെ മൗലികമായ മഹത്വവും പൂർണതയും. അതുകൊണ്ടാണ് മനുഷ്യന് ജീവിത മൂല്യങ്ങളെ സംബന്ധിച്ച നൈസർഗികമായ അന്തർബോധവും ബുദ്ധിയും വിവേചനശക്തിയുമെല്ലാം ഉള്ളതോടൊപ്പം അവനെ ആത്മീയ - ധാർമിക സത്യങ്ങളിലേക്ക് പ്രബോധനം ചെയ്യാൻ പ്രവാചകന്മാരും വേദങ്ങളും കൂടി അയക്കപ്പെട്ടത്.

ആരാധനാർഹത തന്റെ നാഥന് മാത്രമായിരിക്കുന്നതിന്റെ ആത്മീയവും ബുദ്ധിപരവുമായ ന്യായം വ്യക്തമാക്കിയ ശേഷം അവന്റെ ഭൗതികമായ പരിപാലനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ് وَالَّذِي هُوَ ..... فَهُوَ يَشْفِينِ എന്ന സൂക്തങ്ങൾ. തിന്നാൻ അന്നവും കുടിക്കാൻ വെള്ളവും സജ്ജമാക്കിക്കൊണ്ട് ഈ ഭൂമിയിൽ ജീവിതം സാധ്യമാക്കിയതും, എനിക്ക് രോഗം പിടിക്കുമ്പോൾ ശമനമരുളുന്നതും അവനാണ്. തീറ്റുക, കുടിപ്പിക്കുക (يُطْعِمُنِي وَيَسْقِينِ) എന്നതിന്റെ ആശയം ആഹാരം ഉരുട്ടി വായിൽ വെച്ചുതരിക എന്നോ വെള്ളം വായിലൊഴിച്ചുതരിക എന്നോ അല്ല. ആവശ്യമായ ആഹാരം ഉൽപാദിപ്പിക്കാൻ പര്യാപ്തമായ പ്രകൃതിയിൽ ഈ ഭൂമിയെ സൃഷ്ടിക്കുകയും അതുൽപാദിപ്പിക്കാനുള്ള മാനസിക പ്രചോദനവും കായിക യോഗ്യതയും നൽകുകയും ചെയ്തുവെന്നാണ്. അതുപോലെ രോഗിയായാൽ അവൻ സുഖപ്പെടുത്തുന്നു എന്നതിന്റെ താൽപര്യം, രോഗമുണ്ടാകുമ്പോൾ അവൻ എന്റെ ശയ്യക്കടുത്ത് വന്ന് ശുശ്രൂഷിക്കുകയും മരുന്നുകളെടുത്തുതരികയും ചെയ്യുന്നു എന്നുമല്ല; മറിച്ച് രോഗപ്രതിരോധ ശക്തി എന്റെ ശരീരത്തിലും ശാരീരികമായ പ്രതിരോധശക്തിക്ക് വഴങ്ങാത്ത രോഗങ്ങൾ സുഖപ്പെടുത്താൻ പര്യാപ്തമായ ഔഷധങ്ങളും ചികിത്സാ മുറകളും എന്റെ ചുറ്റുപാടുമുള്ള പ്രകൃതിയിലും സൃഷ്ടിച്ചുവെച്ചവൻ എന്നാണ്. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. വിഗ്രഹാരാധകർ തങ്ങളുടെ ആരാധ്യരെ പ്രപഞ്ചസ്രഷ്ടാവായോ ഉടമസ്ഥനായോ കരുതുന്നില്ല. പ്രത്യുത തങ്ങൾക്ക് ക്ഷേമൈശ്വര്യങ്ങൾ പ്രദാനം ചെയ്യുന്നവരും ആഗ്രഹങ്ങൾ സാധിപ്പിക്കുന്നവരും ആപത്തുകളകറ്റുന്നവരുമായിട്ടാണ് കരുതിയിരുന്നത്. പ്രത്യേകിച്ച് രോഗങ്ങൾ മൂർത്തികളുടെ അപ്രീതിയുടെയും രോഗശമനം പ്രീതിയുടെയും ലക്ഷണവുമായി സങ്കൽപിക്കപ്പെട്ടു. ഈ സങ്കൽപത്തെ നിഷേധിച്ചുകൊണ്ട്, അതിലൊന്നും വിഗ്രഹങ്ങൾക്ക് ഒരു സ്വാധീനവുമില്ലെന്നും എല്ലാം പ്രപഞ്ച വിധാതാവിന്റെ മാത്രം അധികാരത്തിൽപെട്ടതാണെന്നും വ്യക്തമാക്കുകയാണ് ഇബ്റാഹീം(അ). തീറ്റയുടെയും കുടിയുടെയും കർതൃത്വം അവൻ തീറ്റിക്കുന്നു, കുടിപ്പിക്കുന്നു എന്ന് നേരിട്ട് അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞപ്പോൾ, രോഗത്തിന്റെ കർതൃത്വം 'ഞാൻ രോഗിയാകുമ്പോൾ' എന്ന് ഇബ്റാഹീം (അ) തന്നിലേക്ക് ചേർത്തു പറഞ്ഞതും ശ്രദ്ധേയമാകുന്നു. ഈ ശൈലി മനുഷ്യന് ഏർപ്പെടുന്ന വിഷമങ്ങളുടെ കർതൃത്വം അല്ലാഹുവിലേക്ക് ചേർത്തു പറയാതിരിക്കാൻ സൂക്ഷിക്കുന്നതോടൊപ്പം രോഗം പലപ്പോഴും മനുഷ്യന്റെ തന്നെ കർമഫലമായിരിക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യൻ നേരിടുന്ന നന്മ തിന്മകളുടെയെല്ലാം ആത്യന്തികമായ ഉറവിടം അല്ലാഹുവാണ്. അവന്റെ അറിവും വിധിയുമില്ലാതെ പ്രപഞ്ചത്തിൽ യാതൊന്നും സംഭവിക്കുന്നില്ല. എങ്കിലും മനുഷ്യന് ലഭിക്കുന്ന ചില അനുഗ്രഹങ്ങളുടെ നേരിട്ടുള്ള കാരണം അവന്റെ സന്മനസ്സും സൽക്കർമവുമായിരിക്കും. അതുപോലെ അവനനുഭവിക്കുന്ന പല പീഡകളുടെയും നേരിട്ടുള്ള കാരണം അവന്റെ അവിദ്യയും കർമദോഷവുമായിരിക്കും. ■

---

وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ ﴿٨١﴾

81. എന്നെ മരിപ്പിക്കുന്നവനും പിന്നെയും ജീവിപ്പിക്കുന്നവനുമാണവൻ.

وَالَّذِي أَطْمَعُ أَنْ يَغْفِرَ لِي خَطِيئَتِي يَوْمَ الدِّينِ ﴿٨٢﴾

82. കർമഫലനാളിൽ എന്റെ പാപങ്ങൾ പൊറുക്കാൻ പ്രതീക്ഷയർപ്പിക്കുന്നതവനിലാകുന്നു.

**81,82**

وَالَّذِي يُمِيتُنِي = എന്നെ മരിപ്പിക്കുന്നവനും

ثُمَّ يُحْيِينِ = പിന്നെ ജീവിപ്പിക്കുന്നവനും (ആണവൻ)

وَالَّذِي أَطْمَعُ أَنْ يَغْفِرَ لِي = എനിക്ക് പൊറുക്കാൻ ഞാൻ കൊതിക്കുന്നതും (പ്രതീക്ഷയർപ്പിക്കുന്നതും)അവനിലാകുന്നു

خَطِيئَتِي = എന്റെ പാപങ്ങൾ يَوْمَ الدِّينِ = കർമഫല നാളിൽ

സൃഷ്ടിച്ചു മാർഗദർശനം ചെയ്ത് പരിപാലിച്ച പ്രപഞ്ചനാഥൻ ഒരുനാൾ എന്നെ മരിപ്പിക്കുന്നു. പിന്നീടൊരുനാൾ അവൻ തന്നെ എന്നെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും. ഒരിക്കൽ അനായാസം മനുഷ്യനെ സൃഷ്ടിച്ചവന് അത് പുനഃസൃഷ്ടിക്കുക ഏറെ അനായാസകരമായിരിക്കുമല്ലോ. മാത്രമല്ല, പുനഃസൃഷ്ടിക്കുകയും വിചാരണാ വിധേയനാക്കുകയും ചെയ്യുക സൃഷ്ടിയുടെയും മാർഗദർശനത്തിന്റെയും പരിപാലനത്തിന്റെയും അനിവാര്യതാൽപര്യവുമാകുന്നു. ആ വിചാരണാ നാളിൽ, തെറ്റുകുറ്റങ്ങൾക്ക് ഞാൻ മാപ്പ് ആഗ്രഹിക്കുന്നതും അവനിൽനിന്നാണ്. വിചാരണാ നാൾ- يَوْمَ الدِّينِ - ഉണ്ടാകുമെന്ന് അറിയിക്കുകയല്ല ഇബ്‌റാഹീം (അ) ചെയ്യുന്നത്; അന്ന് അല്ലാഹു തന്റെ പാപങ്ങൾ പൊറുത്തുതരുമെന്ന് ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. വിചാരണ നാൾ അനിവാര്യവും നിസ്സംശയവുമായ യാഥാർഥ്യമാണെന്നാണിതിന്റെ ധ്വനി. ആ നാളിനെ അഭിമുഖീകരിക്കാൻ തയാറെടുക്കുകയും അതിൽ വരുന്ന വീഴ്ചകൾ പൊറുത്തുകിട്ടി ശിക്ഷാനുഭവങ്ങളിൽനിന്ന് മുക്തനാവാൻ പ്രാർഥിക്കുകയുമാണ് ഓരോ വ്യക്തിയും ചെയ്യേണ്ടത്.

ഇബ്‌റാഹീം (അ) ഇവിടെ സംബോധിതരുടെ മുന്നിൽ തന്റെ സന്ദേശത്തിന്റെ മൗലിക തത്ത്വങ്ങൾ സമഗ്രമായി അവതരിപ്പിച്ചിരിക്കുന്നു. ഈ തത്ത്വങ്ങൾ തമ്മിൽ ന്യായശാസ്ത്രപരമായി ആഴത്തിലുള്ള ബന്ധമുണ്ട്. പക്ഷേ താർക്കിക ശൈലിയിലല്ല അദ്ദേഹം അവതരിപ്പിക്കുന്നത്; മറിച്ച് വൈയക്തികാനുഭൂതിയുടെ അവതരണശൈലിയാണ് സ്വീകരിച്ചത്. അദ്ദേഹമപ്പോൾ ആ ജനതയിൽനിന്നുള്ള വിമുക്തിയുടെയും പലായനത്തിന്റെയും ഘട്ടത്തിലായിരുന്നുവെന്നതാണതിനു കാരണം. തർക്കവും വാഗ്വാദവും അവിടെ നിഷ്ഫലമാകുന്നു. അതിനാൽ തന്റെ അനുഭൂതികളുടെ സംക്രമണം കൊണ്ട് അവരുടെ മനസ്സാക്ഷിയെ ചലിപ്പിക്കാൻ ശ്രമിച്ചു നോക്കുകയാണദ്ദേഹം. ■

---

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصَّالِحِينَ ﴿٨٣﴾

وَاجْعَلْ لِي لِسَانَ صِدْقٍ فِي الْآخِرِينَ ﴿٨٤﴾

83. നാഥാ, എനിക്ക് ജ്ഞാനം പ്രദാനം ചെയ്യേണമേ, എന്നെ സജ്ജനങ്ങളോടു ചേർക്കേണമേ.

84. പിൻഗാമികളിൽ എനിക്ക് സൽകീർത്തിയുണ്ടാക്കേണമേ.

**83,84**

رَبِّ هَبْ لِي = നാഥാ നീ എനിക്ക് പ്രദാനം ചെയ്യേണമേ; حُكْمًا = ജ്ഞാനം

وَأَلْحِقْنِي = നീ എന്നെ ചേർക്കേണമേ

بِالصَّالِحِينَ = സജ്ജനങ്ങളോട്, സൽക്കർമങ്ങളനുഷ്ഠിക്കുന്നവരോട്

وَاجْعَلْ لِي = എനിക്ക് നീ ഉണ്ടാക്കിത്തരേണമേ; لِسَانَ صِدْقٍ = സൽകീർത്തി

فِي الْآخِرِينَ = പിൻഗാമികളിൽ

ഇതു മുതൽ ഏതാനും സൂക്തങ്ങൾ ഇബ്‌റാഹീം(അ) സ്വജനതയെ ഉപേക്ഷിച്ച് പലായനം ചെയ്യുമ്പോൾ നടത്തുന്ന പ്രാർഥനയാണ്. ഒരർഥത്തിൽ ഈ പ്രാർഥനയുടെ തന്നെ ആമുഖമായിരുന്നു 77 മുതലുള്ള സൂക്തങ്ങൾ. അല്ലാഹുവിനോട് നമുക്കാവശ്യമുള്ളത് ചോദിക്കുകയാണല്ലോ പ്രാർഥന. അങ്ങനെ അല്ലാഹുവിനോട് ചോദിക്കുമ്പോൾ രണ്ട് മര്യാദകൾ പാലിക്കേണ്ടതുണ്ട്. ഒന്ന്, ചോദിക്കപ്പെടാനുള്ള അവന്റെ അർഹതയും യോഗ്യതയും അംഗീകരിച്ച് അനുസ്മരിക്കുക. രണ്ട്, ചോദിച്ചതിന്റെ ഫലമായും അല്ലാതെയും അവൻ നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ അനുസ്മരിക്കുക. അഖിലാണ്ഡ നാഥൻ - رب العالمين - എന്ന നാമപരാമർശത്തിൽ പ്രാർഥിക്കപ്പെടാനുള്ള അല്ലാഹുവിന്റെ അർഹതയുടെ അനുസ്മരണമുണ്ട്. തുടർന്നുള്ള സൂക്തങ്ങളിൽ ഈ അർഹതയുടെ സ്ഥിരീകരണത്തോടൊപ്പം ചോദിച്ചിട്ടും അല്ലാതെയും അവൻ തനിക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നന്ദിപൂർവം അനുസ്മരിക്കുന്നു. സ്തുതിയും നന്ദിയും- الحمد، والشكر - പ്രാർഥനയുടെ സ്വീകാര്യതയെ ശക്തിപ്പെടുത്തുന്നു. സ്തുതിയുടെയും നന്ദിയുടെയും അകമ്പടിയില്ലാതെ 'അതു താ', 'ഇതുതാ' എന്നിങ്ങനെ അല്ലാഹുവിനോട് പറയുന്നത് പ്രാർഥനയല്ല; കൽപനയാണ്. അല്ലാഹുവിനോട് കൽപിക്കാൻ അർഹതയുള്ള ആരുമില്ല. അവൻ ആരുടെയും കൽപന കേൾക്കാൻ പോകുന്നുമില്ല. 14:7-ൽ അവൻ പറയുന്നുണ്ട്: لَئِنْ شَكَرْتُمْ لَأَزِيدَنَّكُمْ وَلَئِنْ كَفَرْتُمْ إِنَّ عَذَابِي لَشَدِيدٌ (നിങ്ങൾ നന്ദിയുള്ളവരായെങ്കിൽ ഞാൻ നിങ്ങൾക്ക് അനുഗ്രഹം വർധിപ്പിച്ചുകൊണ്ടിരിക്കും. നന്ദികെട്ടവരായെങ്കിലോ എന്റെ പീഡനം കൊടൂരം തന്നെയായിരിക്കും). നേരത്തേ ലഭിച്ച അനുഗ്രഹങ്ങൾ നന്ദിപൂർവം സ്മരിച്ച് സ്തുതിക്കുന്നവർ ഇനിയുള്ള ആവശ്യങ്ങൾ സമർപ്പിച്ചില്ലെങ്കിലും അവരുടെ ന്യായമായ ആവശ്യങ്ങൾ അല്ലാഹു നിവർത്തിച്ചുകൊണ്ടിരിക്കും.

നബി(സ) പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്നു: مَنْ شَغَلَهُ ذِكْرِي عَنْ مَسْأَلَتِي أَعْطَيْتُهُ أَفْضَلَ مَا أُعْطِي السَّائِلِينَ (എന്നെ ഭജിക്കുന്നതിലേർപ്പെട്ടതിനാൽ എന്നോട് ചോദിക്കാതിരുന്നവന് എന്നോട് ചോദിച്ചവന് കൊടുത്തതിനേക്കാൾ മികച്ചത് ഞാൻ നൽകുന്നു). ദൈവാനുഗ്രഹം ദൈവം തൃപ്തിപ്പെടുന്ന വിധത്തിൽ കൈകാര്യം ചെയ്യുകയും അനുഭവിക്കുകയുമാണ് ദൈവത്തോടുള്ള നന്ദി പ്രകടനം. അബൂനഈം ഉദ്ധരിച്ച ഒരു നിവേദനത്തിൽ

പറയുന്നു: مَنْ عَمِلَ بِمَا عَلِمَ أَوْرَثَهُ اللهُ عِلْمَ مَا لَمْ يَعْلَمْ (ലഭിച്ചുകഴിഞ്ഞ അറിവനുസരിച്ച് പ്രവർത്തിക്കുന്നവനെ അല്ലാഹു ലഭിച്ചിട്ടില്ലാത്ത അറിവിന്റെ അവകാശിയാക്കുന്നു).

കൊടുക്കാൻ ദാതാവിന് നിയമപരമായ ബാധ്യതയോ കിട്ടാൻ ഗുണഭോക്താവിന് നിയമപരമായ അവകാശമോ ഇല്ലാതെ നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന പാരിതോഷികവും സമ്മാനവും സംഭാവനയുമൊക്കെയാണ് هِبَة . അതിൽനിന്നുള്ള ശാസനക്രിയയാണ് هَبْ . 21-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുള്ളതാണ് حكم ന്റെ ആശയം. ഇവിടെ ഇബ്റാഹീം(അ) തേടുന്ന حكم ജീവിത വ്യവഹാരങ്ങളിൽ അല്ലാഹുവിന്റെ ശാസനകൾക്കൊത്ത തീരുമാനങ്ങളെടുക്കാനും അവൻ തൃപ്തിപ്പെടുന്ന മാർഗത്തിലൂടെ പ്രയാണം ചെയ്യാനും വേണ്ട വിജ്ഞാനവും വിവേകവുമാണ്.

'എന്നെ സജ്ജനങ്ങളോടു ചേർക്കേണമേ' എന്ന പ്രാർഥനയും സ്വന്തക്കാരിൽനിന്നും സ്വദേശത്തുനിന്നുമുള്ള പലായനത്തെ സൂചിപ്പിക്കുന്നു. ഉറ്റവരെയും ഉടയവരെയും സ്വദേശത്തെയും വെടിഞ്ഞ് ഞാൻ പോവുകയാണ്. എന്റെ ആദർശം ഉയർത്തിപ്പിടിക്കാൻ സ്വാതന്ത്ര്യമുള്ള, ഒരു സജ്ജന സമൂഹത്തിൽ എത്തിച്ചേരാൻ എനിക്ക് ഉതവിയരുളേണമേ. സൂറ *അൽഫുർഖാനി*ലെ 74-ാം സൂക്തത്തിൽ സത്യവിശ്വാസികളുടേതായി ഉദ്ധരിക്കുന്ന رَبَّنَا هَبْ لَنَا ...... وَاجْعَلْنَا لِلْمُتَّقِينَ إِمَامًا എന്ന പ്രാർഥനയോട് താരതമ്യം ചെയ്തും ഈ പ്രാർഥനയെ മനസ്സിലാക്കാവുന്നതാണ്. സച്ചരിതരും സജ്ജനങ്ങളുമായ ഒരു കുടുംബം കൊണ്ട് എന്നെ അനുഗ്രഹിക്കേണമേ എന്നാകും അപ്പോൾ താൽപര്യം. ഇഹത്തിലും പരത്തിലും എന്നെ സജ്ജനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തണമേ എന്ന ആശയവും പ്രബലമാകുന്നു.

لِسَان ഭാഷയിൽ നാവാണ്. വക്താവ്, ഭാഷ, പ്രചാരം, പ്രസിദ്ധി തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. പ്രസിദ്ധിയാണ് ഇവിടെ ഉദ്ദേശ്യം. صِدْق , സത്യമാണ്. സത്യമായത്, മാന്യമായത്, നീതിയുക്തമായത്, നല്ലത്, സുന്ദരമായത് തുടങ്ങിയ അർഥങ്ങളിൽ വിശേഷണമായും ഉപയോഗിക്കുന്നു. صِدْق സൽകീർത്തി അഥവാ നല്ലതും സത്യവുമായ പ്രസിദ്ധിയാണ്. സൽഗുണങ്ങളും സൽക്കർമങ്ങളും ആളുകൾ അറിഞ്ഞ് അംഗീകരിക്കണമെന്ന് ആഗ്രഹിക്കുന്നത് തിന്മയല്ല. 'വലതു കൈ കൊടുക്കുന്നത് ഇടതു കൈ അറിയരുത്' എന്ന നബിവചനം സൽക്കർമങ്ങൾ ചെയ്യുന്നത് ആരും അറിയാത്തവണ്ണം രഹസ്യമായിട്ടായിരിക്കണമെന്ന അനുശാസനമായി വ്യാഖ്യാനിക്കാറുണ്ട്. ഈ വചനത്തിൽ പറയുന്നത് ദാനധർമങ്ങൾ അതിന്റെ ഗുണഭോക്താക്കളുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുംവിധത്തിൽ പരസ്യമാക്കരുതെന്നാണ്. ദാനധർമങ്ങൾ തന്നെ സാഹചര്യമനുസരിച്ച് രഹസ്യമാക്കിയും പരസ്യമാക്കിയും ചെയ്യുന്നത് നല്ലതാണെന്ന് ഖുർആൻ പറയുന്നുണ്ട്.

إِنْ تُبْدُوا الصَّدَقَاتِ فَنِعِمَّا هِيَ ۖ وَإِنْ تُخْفُوهَا وَتُؤْتُوهَا الْفُقَرَاءَ فَهُوَ خَيْرٌ لَكُمْ (ദാനധർമങ്ങൾ പരസ്യമായി ചെയ്യുന്നുവെങ്കിൽ നല്ലതുതന്നെ. രഹസ്യമായി ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നുവെങ്കിൽ അതും ഗുണകരമാകുന്നു). ഇല്ലാത്ത ഗുണങ്ങളുടെയും ചെയ്യാത്ത കർമങ്ങളുടെയും പേരിൽ അംഗീകാരവും പ്രശംസയും ലഭിക്കണമെന്നാഗ്രഹിക്കുന്നതാണ് തിന്മ. നിസ്സാര സേവനങ്ങൾക്ക് വലിയ പ്രസിദ്ധി കാംക്ഷിക്കുന്നതും പേരിനും പ്രസിദ്ധിക്കും വേണ്ടി മാത്രം വല്ലതും ചെയ്യുന്നതും അപ്രകാരം തന്നെ. സൽസ്വഭാവത്തിന്റെയും സൽക്കർമങ്ങളുടെയും പ്രചോദനം തഖ്‌വ അഥവാ ദൈവ വിചാരവും ആത്മശുദ്ധിയും ജീവിത സംസ്കാരവുമായിരിക്കണം. പേരിനും പ്രശസ്തിക്കും വേണ്ടി മാത്രം സൽക്കർമങ്ങളനുഷ്ഠിക്കുന്നത് കാപട്യമാണ്. തങ്ങൾക്ക് ഇല്ലാത്ത ഭക്തിയും ആത്മശുദ്ധിയും സംസ്കാരവും ഉണ്ടെന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണത്. ഇത്തരക്കാരെക്കുറിച്ച് 3:188-ൽ പറയുന്നു:

لَا تَحْسَبَنَّ الَّذِينَ يَفْرَحُونَ بِمَا أَتَوْا وَيُحِبُّونَ أَنْ يُحْمَدُوا بِمَا لَمْ يَفْعَلُوا فَلَا تَحْسَبَنَّهُمْ بِمَفَازَةٍ مِنَ الْعَذَابِ ۖ وَلَهُمْ عَذَابٌ أَلِيمٌ

(....സ്വന്തം ചെയ്തികളിൽ നിഗളിക്കുകയും സത്യത്തിൽ തങ്ങൾ ചെയ്തിട്ടില്ലാത്ത കാര്യങ്ങളുടെ പേരിൽ സ്തുതിക്കപ്പെടണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവർ ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടുമെന്ന് നീ വിചാരിക്കേണ്ടതില്ല. അവർക്ക് വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിരിക്കുന്നു).

ഇബ്റാഹീം(അ) യഥാർഥത്തിൽ ഈ പ്രാർഥനയിലൂടെ ചെയ്യുന്നത് പേരും പ്രസിദ്ധിയും തേടുകയല്ല. പ്രത്യുത താൻ പ്രബോധനം ചെയ്യുന്ന സന്ദേശം ആളുകൾ സ്വീകരിക്കുകയും അത് ഈ ലോകത്ത് നിലനിൽക്കുകയും അങ്ങനെ അതിന്റെ വാഹകർ തന്നെ സത്യസന്ദേശത്തിന്റെ വക്താക്കളായി ഓർക്കാനും തനിക്കു വേണ്ടി പ്രാർഥിക്കാനും ഇടയാകണം എന്ന് ആഗ്രഹം പ്രകടിപ്പിക്കുകയാണ്. ■